# പതിമൂന്നാം കേരള നിയമസഭ

## പതിനഞ്ചാം സമ്മേളനം

നക്ഷത്ര ചിഹ്നമിടാത്ത നിയമസഭാ ചോദ്യം നമ്പർ: **2650** **14.12.2015** - ൽ മറുപടിക്ക്

**വാട്ടർ അതോറിറ്റി ജീവനക്കാർക്ക് മെഡിക്കൽ ഇൻഷ്വറൻസ് പദ്ധതി**

| ചോദ്യം | | മറുപടി | |
|---|---|---|---|
| | ശ്രീ.ജെയിംസ് മാത്യു | | ശ്രീ.പി ജെ. ജോസഫ് (ജലവിഭവ വകുപ്പ് മന്ത്രി) |
| (എ) | വാട്ടർ അതോറിറ്റി ജീവനക്കാർക്ക് നടപ്പിലാക്കിയ മെഡിക്കൽ ഇൻഷ്വറൻസ് പദ്ധതിയുടെ പ്രീമിയം തുക എത്രയാണെന്ന് വ്യക്തമാക്കുമോ ; | (എ) | വാട്ടർ അതോറിറ്റി ജീവനക്കാർക്കുവേണ്ടി നടപ്പിലാക്കിയ മെഡിക്കൽ ഇൻഷ്വറൻസ് പദ്ധതിയുടെ പ്രീമിയം തുക 6,95,51,843 രൂപ ആണ്. (2015 വർഷത്തേയ്ക്ക്) |
| (ബി) | ഓരോ ജീവനക്കാർക്കും വേണ്ടി എത്ര തുക പ്രീമിയം അടച്ചു എന്നു വ്യക്തമാക്കുന്ന രേഖ എല്ലാ ജീവനക്കാർക്കും നൽകിയിട്ടുണ്ടോ ; ഇല്ലെങ്കിൽ ഇതിനു നടപടി സ്വീകരിക്കുമോ ; | (ബി) | ഇൻഷ്വറൻസ് പരിധിയിൽ എല്ലാ ജീവനക്കാരെയും ഉൾപ്പെടുത്തി എന്നതിനു രേഖയായി ഇൻഷ്വറൻസ് കാർഡ് എല്ലാ ജീവനക്കാർക്കും ലഭ്യമാക്കിയിട്ടുണ്ട്. നാളിതുവരെ കാർഡ് ലഭിക്കാത്ത ജീവനക്കാർക്ക് കാർഡ് നൽകുന്നതിനുള്ള നടപടി സ്വീകരിച്ചു വരുന്നു. |
| (സി) | മെഡിക്കൽ സ്പെഷ്യൽ സാങ്ഷൻ ഉത്തരവാക്കാത്തതു മൂലം ജീവനക്കാർക്ക് ആനുകൂല്യങ്ങൾ നഷ്ടമാകുന്നത് ശ്രദ്ധയിൽപ്പെട്ടിട്ടുണ്ടോ ; എങ്കിൽ കെട്ടിക്കിടക്കുന്ന മെഡിക്കൽ സ്പെഷ്യൽ സാങ്ഷൻ അപേക്ഷകൾ തീർപ്പാക്കുന്നതിന് സമയബന്ധിതമായി നടപടി സ്വീകരിക്കുമോ ? | (സി) | മെഡിക്കൽ സ്പെഷ്യൽ സാങ്ഷനുള്ള അപേക്ഷകൾ സർക്കാരിൽ കെട്ടികിടക്കുന്നില്ല. |

സെക്ഷൻ ഓഫീസർ